പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2178 27-10-2026-ൽ മറുപടിയ്ക്ക്

സംസ്ഥാനത്തെ മയക്കുമരുന്ന് കേസുകളും കാലിക്കടവ് എം.ഡി.എം.എ. കേസിലെ ഫോറൻസിക് പരിശോധനയും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സജി ചെറിയാൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് 2016 മുതൽ 2026 മെയ് 5 വരെയുള്ള കാലയളവിൽ മയക്കു മരുന്നിന്റെ ഉപയോഗം, വില്പന എന്നിവയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്യ എന്നതിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

മറുപടി: സംസ്ഥാനത്ത് 2016 മുതൽ 2026 മെയ് 5 വരെയുള്ള കാലയളവിൽ മയക്കുമരുന്നിന്റെ ഉപയോഗം, വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

പോലീസ് വകുപ്പ്

വർഷം	മയക്കുമരുന്നിന്റെ ഉപയോഗത്തിന് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം	മയക്കുമരുന്ന് വിൽപ്പന നടത്തിയതിന് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം
2016	3591	2232
2017	7191	1960
2018	6766	1927
2019	7858	1399
2020	4261	728
2021	4636	1052
2022	21175	3329
2023	26198	4371
2024	22940	4594
2025	26058	9585
2026 (05/05/2026 വരെ)	3302	1560

എക്സൈസ് വകുപ്പ്

വർഷം	മയക്കുമരുന്നിന്റെ ഉപയോഗം, വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം
2016	2985
2017	5946
2018	7573
2019	7099
2020	3667
2021	3922
2022	6116
2023	8104
2024	8160

2025	12568
2026(05/05/2026 വരെ)	4250

(ബി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

മറുപടി: പോലീസ് വകുപ്പ്

നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം 2026 മെയ് 18 മുതൽ 20.10.2026 വരെയുള്ള കാലയളവിൽ മയക്കുമരുന്നിന്റെ വിൽപ്പന, ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	മയക്കുമരുന്നിന്റെ ഉപയോഗത്തിന് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം	മയക്കുമരുന്ന് വിൽപ്പന നടത്തിയതിന് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം
2026 (18/05/2026 മുതൽ 20/10/2026 വരെ)	9163	4816

എക്സൈസ് വകുപ്പ്

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, 2026 മെയ് 18 മുതൽ 2026 ഒക്ടോബർ 25 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് 5,324 എൻ.ഡി.പി.എസ്. (NDPS) കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

(സി) 2026 ഓഗസ്റ്റ് 9-ന് കാസർഗോഡ് കാലിക്കടവ് ഭാഗത്തുനിന്ന് 139.29 ഗ്രാം എം.ഡി.എം.എ.യുമായി പിടിയിലായ മുഹമ്മദ് ഹുസൈന്റെയും സംഘത്തിന്റെയും മൊബൈൽ ഫോണുകൾ, ലാപ് ടോപ്പുകൾ എന്നിവ ഫോറൻസിക് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

മറുപടി: ടി കേസിലേക്ക് ബന്ധവസ്സിൽ എടുത്ത 19 ഫോണുകളും ഫോറൻസിക് പരിശോധനയ്ക്കായി കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 11 എണ്ണം ഫോറൻസിക് സയൻസ് ലബോറട്ടറി മുമ്പാകെ അയച്ചു കൊടുത്തിട്ടുള്ളതാണ്. 8 ഫോണുകൾ ഫോറൻസിക് പരിശോധനയ്ക്ക് അയച്ചു നൽകാനായി കോടതിയിൽ ഉള്ളതാണ്.

സെക്ഷൻ ഓഫീസർ